LIBRARY ARCHIVES Kerala Legislative Assembly

## തൂക്കുപാലം നിർമ്മാണം

210 (233) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ചതും തുടർന്ന് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തീകരിച്ച് മാസങ്ങൾക്കുള്ളിൽ തകർന്നുവീണതുമായ മാടക്കാൽ തൂക്ക് പാലം (ദുരന്ത നിവാരണ വകുപ്പ് മുഖേന) പണി പുനരാരംഭിക്കാനോ തകർന്ന അവശിഷ്ടങ്ങൾ പുഴയിൽനിന്നും നീക്കം ചെയ്യാനോ വകുപ്പ് അധികൃതരുടെ ഭാഗത്തുനിന്നും നടപടി ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) അഴിമതിയും സാങ്കേതികക്കുറവും നിമിത്തം തകർന്നത് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും നിർമ്മാണം പുനരാരംഭിക്കാനും നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) തകർന്ന തൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ പുഴയിൽനിന്നും ഭാഗികമായി നീക്കം ചെയ്തിരുന്നു. പുതിയ പാലം നിർമ്മിച്ചതിനുശേഷം മാത്രമേ ശേഷിക്കുന്ന അവശിഷ്ടങ്ങൾ പുഴയിൽനിന്നും നീക്കം ചെയ്യുവാൻ സമ്മതിക്കുകയുള്ളൂവെന്ന് നാട്ടുകാരിൽനിന്നും പ്രതിഷേധം ഉണ്ടായതിനാൽ നിർമ്മാണച്ചുമതല ഉണ്ടായിരുന്ന Kerala Electrical and Allied Engineering Co. Ltd അധികൃതർ തുടർനടപടി നിർത്തിവച്ചു.

(ബി) ഇതുസംബന്ധിച്ച വിജിലൻസ് അന്വേഷണം (വി.സി.3/2014/ കെ.എസ്.ഡി. നമ്പരായി) നടന്നുവരുന്നു.

## ലാവ്ലിൻ കേസ്

211 (234) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്ലിൻ കേസിന്റെ നിലവിലെ അവസ്ഥ വിശദമായി വെളിപ്പെടുത്തുമോ;

(ബി) ലാവ്ലിൻ കേസിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയതെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ് എന്നത് സെക്ഷൻ സഹിതം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാവ്‌ലിൻ കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ലാവ്‌ലിൻ കേസിലെ 6 (ക്ലോസ് ട്രെൻഡിൽ), 9 (എസ്.എൻ.സി ലാവ്‌ലിൻ) പ്രതികൾ ഒഴിച്ച് ബാക്കി എല്ലാ പ്രതികളെയും കുറ്റ വിമുക്തരാക്കിയിട്ടുണ്ട്.

(സി) ലാവ്‌ലിൻ കേസിലെ പ്രതികൾക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമം 120 B, 420 എന്നീ വകുപ്പുകളും 1988-ലെ അഴിമതി നിരോധന നിയമത്തിലെ 13(2), 13(1) (ഡി) എന്നീ വകുപ്പുകളും പ്രകാരമാണ് കേസ് എടുത്തിരുന്നത്.

**സ്പോർട്സ് ലോട്ടറി**

212 (235) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് ലോട്ടറി അഴിമതി കേസിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്ന ശ്രീ. റ്റി. പി. ദാസനെ പ്രതിയാക്കി വിജിലൻസ് കേസ്സെടുക്കുകയുണ്ടായോ; എങ്കിൽ അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിവരുന്ന സ്പോർട്സ് ലോട്ടറിയുടെ വിതരണത്തിലെ ക്രമക്കേടുകൾ അടിസ്ഥാനമാക്കി നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അച്ചടക്ക നടപടി**

213 (236) ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കെതിരെ ഏതെല്ലാം രീതിയിലുള്ള നടപടികൾക്കാണ് സർക്കാരിന് ശിപാർശ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.